വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ അടച്ചുപൂട്ടി ഇട്ടിരിക്കുകയായിരുന്നു. ധനകാര്യ സ്ഥാപനങ്ങൾക്ക് വൻതുക ബാദ്ധ്യത ആയതിനാൽ തുടർന്ന് വായ്പ നൽകുവാൻ ബാങ്കുകൾ വിസമ്മതിക്കുകയും അന്തരാഷ്ട്ര വിപണിയിൽ കശുവണ്ടി പരിപ്പിന് വിലയിടിവുണ്ടാവുകയും ചെയ്തതിന്റെ ഫലമായി സാമൂഹ്യ ബാദ്ധ്യതകൾ പരിഗണിച്ച് കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള 107 കോടി രൂപ 5 ഗഡുക്കളുള്ള ദീർഘകാല വായ്പയായി കോർപ്പറേഷന് നൽകാൻ സർക്കാർ തീരുമാനിച്ചു. തുടർന്ന് ബാങ്കുകളിൽനിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കി തോട്ടണ്ടി വാങ്ങി 8-12-2004 മുതൽ ഫാക്ടറികൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികൾ ഇപ്പോഴും തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്. കാപ്പെക്സിന്റെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്ന് വായ്പ ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് 11-10-2004-ൽ 7.25 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി നൽകുകയും അതിന്റെ ഫലമായി ബാങ്ക് വായ്പ കാപ്പെക്സിന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കാപ്പെക്സിന് 2.5 കോടി രൂപ ധനസഹായം നൽകുന്ന കാര്യവും പഴയ ബാദ്ധ്യതയായ 2.45 കോടി രൂപ പലിശ സഹിതം സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യവും പരിശോധിച്ചുവരികയാണ്. പിന്നെ ചരിത്രത്തിൽ ആദ്യമായി കാപ്പെക്സ് ഏറ്റവും കൂടുതൽ ദിനങ്ങൾ പ്രവർത്തിച്ചത് ഈ വർഷമാണ് എന്നുള്ള കാര്യവും അറിയിക്കുന്നു.

(6) നാട്ടികയിലെ കയ്പമംഗലത്ത് പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെയേറെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്ന കേരളത്തിലെ ഏറ്റവും വലിയ പോലീസ് സ്റ്റേഷനുകളിലൊന്നാണ് തൃശ്ശൂർ ജില്ലയിലെ മതിലകം പോലീസ് സ്റ്റേഷൻ. എന്നാൽ നിരന്തരം രാഷ്ട്രീയ-വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാകുന്നതുകൊണ്ടും തീരദേശ മേഖലയിലെ പോലീസ് സ്റ്റേഷന്റെ ദൈർഘ്യം കൂടുതലായതുകൊണ്ടും പലപ്പോഴും പോലീസുകാർക്ക് കൃത്യനിർവ്വഹണത്തിന് എത്തിച്ചേരാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാന ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുള്ള മുൻഗണനാ പട്ടികയിൽ കയ്പമംഗലത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ഉണ്ടാക്കുന്നതിനുവേണ്ടിട്ടുള്ള നിർദ്ദേശം ഉള്ളതായി മനസ്സിലാക്കുന്നു. 2005-2006 വർഷം തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്ത് പുതിയ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ വാടകസ്ഥലം ഉൾപ്പെടെ വേണമെങ്കിൽ അവിടെയുള്ള ജനപ്രതിനിധി എന്നുള്ള നിലയിൽ സംഘടിപ്പിച്ച് ആഭ്യന്തര വകുപ്പിന് കൊടുക്കുന്നതിനുകൂടി തയ്യാറാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാനത്ത് 58 സ്ഥലങ്ങളിൽ പുതിയതായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് പുതുക്കിയ മുൻഗണനാക്രമം അനുസരിച്ച് അനുമതി നൽകിയിട്ടുണ്ട്. അതിൽ 28-ാമത്തെ സ്ഥലമാണ് കയ്പമംഗലം. ഇതിന് ആവശ്യമായ പുതിയ പോസ്റ്റുകൾ അനുവദിക്കണം. ബാക്കിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഒക്കെ വേണം. ഏതായാലും മുൻഗണനാ ലിസ്റ്റിൽ ഉണ്ട്, അതിന്റെ പരിഗണന വച്ച് ഇക്കര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ക്ഷീരകർഷകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ

ശ്രീ. പി. ജെ. ജോയി: സർ, കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ക്ഷീര കർഷകരുടെ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ക്ഷീരകർഷകർ ഇന്ന് വരവും ചെലവും കൂട്ടിമുട്ടിക്കാൻ വളരെയധികം കഷ്ടപ്പെടുകയാണ്. അതുകൊണ്ട് പാലിന് ഒരു രൂപയെങ്കിലും വില വർദ്ധിപ്പിച്ച് നൽകണം. അതുപോലെതന്നെ ത്രിതല പഞ്ചായത്തുകളുടെ വ്യക്തിഗത ആനുകൂല്യം ഇന്ന് ബി.പി.എൽ. കാർഡ് ഉള്ളവർക്ക് മാത്രമാണ് ലഭിക്കുന്നത്. എല്ലാ പാൽ ഉൽപ്പാദകരായ കർഷകർക്കും അതിന്റെ സഹായം ലഭ്യമാക്കാൻ കഴിയണം. ആപ്കോസ് സഹകരണ സംഘങ്ങൾക്കും ത്രിതല പഞ്ചായത്തുകളുടെ സഹകരണം ലഭ്യമാകത്തക്ക വിധത്തിൽ നിയമഭേദഗതി വരുത്തണം. അതോടൊപ്പംതന്നെ ക്ഷീരകർഷകരുടെ ക്ഷേമനിധിയെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞതാണ്. അത് നടപ്പാക്കാനുള്ള നിയമനിർമ്മാണം അടിയന്തിരമായി നടത്തണം. അങ്ങനെ ക്ഷീരകർഷകരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കേരളത്തിൽ 3300-ഓളം സഹകരണ സംഘങ്ങളിലായി രണ്ടുലക്ഷത്തിൽപ്പരം ക്ഷീരകർഷകരാണുള്ളത്. സഹകരണ സംഘങ്ങളിൽ ഇല്ലാത്ത കർഷകരെ സംബന്ധിച്ച് ഗവൺമെന്റിന് ഒരു സ്കീം ഇല്ല. അതുകൊണ്ട് സഹകരണ സംഘങ്ങളിൽ ഇല്ലാത്ത കർഷകരെ സംബന്ധിച്ച് ഇന്ന് കേന്ദ്ര ഗവൺമെന്റ് ഡിക്ലയർ ചെയ്തിരിക്കുന്ന ഇൻഷ്വറൻസ് സ്കീമിൽ പകുതി തുക അടച്ചാൽ കർഷകർക്ക് അംഗങ്ങളാകാവുന്നതാണ്. അവർ പകുതി അടച്ചാൽ 'ജനശ്രീ ഭീമായോജന' എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്കീമിൽ നിന്നും ഇൻഷ്വറൻസ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. 3300-ഓളം സംഘങ്ങളിൽ 'ആപ്കോസും ' ഓർഡിനറി സംഘങ്ങളുമുണ്ട്. ഈ സംഘങ്ങളിൽപ്പെട്ട കൃഷിക്കാരെ സംബന്ധിച്ച് സഹകരണ സംഘങ്ങളുടെ കീഴിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ സ്കീം നൽകുന്നതിന് ആവശ്യമായ നടപടികളെടുത്ത് നിയമം ഉണ്ടാക്കി ലാ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സമ്മേളനത്തിൽത്തന്നെ ഇത് ബില്ലായി അവതരിപ്പിക്കാൻ ആവശ്യമായിട്ടുള്ള നടപടികളെടുക്കും. കേരള വികസന പദ്ധതിയിൽ പഞ്ചായത്തുകളും മറ്റു ജനാധിപത്യ സ്ഥാപനങ്ങളും മുമ്പ് കൊടുത്തുകൊണ്ടിരുന്ന സഹായങ്ങൾ നിർത്തിവച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly